# അദ്ധ്യായം - അഞ്ച്

# നിഗമനങ്ങളും കണ്ടെത്തലുകളും

കഴിഞ്ഞ അദ്ധ്യായങ്ങളിൽ പി. വത്സലയുടെ നോവലുകളെ പാരിസ്ഥിതിക സ്ത്രീവാദ സിദ്ധാന്തത്തിന്റെ പരിപ്രേക്ഷ്യത്തിൽ അപഗ്രഥിക്കുകയാണ് ചെയ്തത്. തനിക്കു ചുറ്റുമുള്ള അനുഭവലോകത്തെ രചനകളിലൂടെ സാക്ഷാത്ക്കരിക്കുന്ന നോവലിസ്റ്റിന്റെ നോവലുകളെല്ലാം യാഥാർത്ഥ്യത്തിന്റെ ഭൂമികകളിൽത്തന്നെയാണ് നിലനിൽക്കുന്നത്. പരിസ്ഥിതി, സ്ത്രീ, ആദിവാസികൾ എന്നീ ഘടകങ്ങൾക്ക് നോവലുകളിലുള്ള പ്രാധാന്യം പ്രത്യക്ഷ വായനയിൽത്തന്നെ ബോധ്യപ്പെടുന്നതാണ്. ഈ ഘടകങ്ങളോടുള്ള നോവലിസ്റ്റിന്റെ സമീപനങ്ങളെ ഈ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രകൃതി വൽസലയുടെ നോവലുകളിൽ സമൃദ്ധമാണ്, നിറഞ്ഞ സാന്നിദ്ധ്യമാണ്. 'നെല്ല്', 'ഗൗതമൻ', 'കൂമൻകൊല്ലി' എന്നീ നോവലുകളിൽ പ്രകൃതി ചിത്രങ്ങൾ കേവലമായ സൗന്ദര്യാത്മക തലത്തിനതീതമായി പരിസ്ഥിതി വീക്ഷണങ്ങളുടെ ഗൗരവതരമായ പ്രത്യക്ഷീകരണങ്ങളായി മാറുന്നു. ഈ മൂന്നു നോവലുകളിലേയും കഥാപാത്രങ്ങൾ ജലം, മണ്ണ്, സസ്യജന്തുജാലം, എന്നീ പ്രകൃതി ഘടകങ്ങളോട് ആത്മീയ, വൈകാരിക ബന്ധങ്ങൾ പുലർത്തുന്നുണ്ട്. പൗരസ്ത്യ പ്രകൃതിദർശനങ്ങളും ഗഹനപരിസ്ഥിതിവാദ സിദ്ധാന്തങ്ങളുമാണ് നോവലിസ്റ്റിന്റെ പരിസ്ഥിതി വീക്ഷണങ്ങൾക്കു ദിശാബോധം നൽകുന്നത്. മനുഷ്യനുതുല്യം അധികാരവകാശങ്ങൾ മനുഷ്യേതരങ്ങൾക്കും പ്രകൃതിയിൽ ഉണ്ടെന്ന് ഈ നോവലുകൾ സ്ഥാപിക്കുന്നു. മനുഷ്യേതര പ്രകൃതിയോട് പുലർത്തുന്ന ഈ സഹതാഭാവം പരിസ്ഥിതി വീക്ഷണത്തിലെ ജൈവകേന്ദ്രിതത്വത്തെ പ്രത്യക്ഷീകരിക്കുന്നു. പ്രകൃതിയെ ഉപയോഗിക്കുമ്പോഴും അനുവർത്തിക്കേണ്ട മിതത്വത്തെക്കുറിച്ച് 'നെല്ലി'ലും 'കൂമൻകൊല്ലി'യിലും പാഠങ്ങളുണ്ട്. ഗാന്ധിയൻ ദർശന

മെന്നു വിവക്ഷിക്കാവുന്ന ഈ പാഠങ്ങൾ 'നെല്ലി'ലും 'കൂമൻകൊല്ലി'യിലും ആഖ്യാനം ചെയ്യുന്ന കാർഷിക വൃത്തികളിലും നോവലിസ്റ്റ് ഉപയോഗപ്പെടുത്തുന്നുണ്ട്. പരിസ്ഥിതിയോട് വൈകാരികബന്ധം സ്ഥാപിക്കുന്നത് പരിസ്ഥിതി നശീകരണങ്ങളിൽ നിന്നും മനുഷ്യരെ പിന്തിരിപ്പിക്കും എന്നു ഓർമ്മിപ്പിക്കുമ്പോൾത്തന്നെ ഒരു പശ്ചാദ്ഗമനമല്ല നോവലിസ്റ്റ് ഉദ്ദേശിക്കുന്നത്. പശ്ചാദ്ഗമനം യാഥാർത്ഥ്യബോധത്തിൽ നിന്നും വിഘടിച്ചു നിൽക്കുന്നതാണ്. അതുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിന്റെ കാല്പനികതലങ്ങളെ വൽസലയുടെ നോവലുകളിൽ കണ്ടെത്താനാകില്ല. 'ഗൗതമൻ' എന്ന നോവലാണ് ഇത്തരം പരിസ്ഥിതിദർശനങ്ങളുടെ സൂചനകൾ നൽകുന്നത്. പാരിസ്ഥിതികമായ ഒരു പരിപ്രേക്ഷ്യമില്ലെങ്കിൽ എത്ര മഹത്തായ ആശയാദർശങ്ങളുടെ പിൻബലത്തിൽ നടത്തുന്ന സാമൂഹ്യ പുനർനിർമ്മാണ ശ്രമങ്ങളും അപക്വവും അപൂർണ്ണവും ആകുമെന്നതിന്റെ സൂചനകൾ 'കൂമൻകൊല്ലി'യിലെ രാഷ്ട്രീയ പ്രവർത്തനങ്ങളുടെ ആഖ്യാനങ്ങൾ നൽകുന്നുണ്ട്. പി. വൽസലയുടെ നോവലുകളിലെ പരിസ്ഥിതി ദർശനങ്ങളെ പ്രധാനമായും പ്രകൃതിയോടുള്ള വിനമ്രഭാവം പുനഃസ്ഥാപിക്കുന്ന ഹരിത ആത്മീയത, സർവ്വചരാചരങ്ങളുടേയും അധികാരവകാശങ്ങൾ അംഗീകരിക്കുന്ന സാകല്യഭാവം, പ്രകൃതിയുടെ ഉപയോഗത്തിൽ അനുവർത്തിക്കേണ്ട ധാർമ്മികതയെ ഓർമ്മപ്പെടുത്തുന്ന ഭൗമസദാചാരം എന്നിങ്ങനെ മൂന്നായി തരംതിരിക്കാവുന്നതാണ്.

മലയാളത്തിലെ സ്ത്രീവാദചർച്ചാവേദികളിൽ സജീവസാന്നിധ്യമില്ലാത്ത എഴുത്തുകാരിയാണ് പി. വത്സല. എന്നാൽ മലയാളനോവലുകളിൽ അകാല്പനികവും, പ്രാവർത്തികവും യഥാതഥവുമായ സ്ത്രീവാദത്തെ, കരുത്തുറ്റ കഥാപാത്രങ്ങളിലൂടെ ആദ്യമായി അവതരിപ്പിച്ചത് പി. വൽസലയാണ്. സിദ്ധാന്തസ്ഥാപനം ലക്ഷ്യമല്ലാത്തതിനാൽ സ്ത്രീകഥാപാത്രങ്ങൾ സ്വച്ഛവും സ്വതന്ത്രവുമായ വീക്ഷണങ്ങൾ ഉൾക്കൊള്ളുന്നു. 'തകർച്ച', 'നെല്ല്' തുടങ്ങിയ ആദ്യനോവലുകളിൽ ചൂഷണങ്ങളുടെ തിരിച്ചറിവ് മാത്രമാണ് നടക്കുന്നത്. 'ആഗ്നേയം', 'ആരും മരിക്കുന്നില്ല', 'റോസ്മേരിയുടെ ആകാശങ്ങൾ' എന്നീ നോവലുകളിലെത്തുമ്പോൾ അവ ചെറുത്തുനിൽപ്പുകളും പ്രതിപ്രവർത്തനങ്ങളുമായി മാറുന്നുണ്ട്.

എന്നാൽ സ്ത്രീയുടെ സഹജഭാവങ്ങളെ ഒരു നോവലിലും തിരസ്ക്കരിക്കുന്നില്ല. ഭാര്യ, കാമുകി എന്നീ സ്ഥാപനങ്ങൾക്ക് സമൂഹം കല്പിക്കുന്ന രീതികളാണ് 'ആരും മരിക്കുന്നില്ല', 'ചാവേർ', 'നിഴലുറങ്ങുന്ന വഴികൾ', 'അരക്കില്ലം' എന്നീ നോവലുകളിൽ കലഹമുണ്ടാക്കുന്നത്. സ്ത്രീസ്വത്വത്തെ അംഗീകരിക്കുന്നതുകൊണ്ട് മാതൃത്വത്തെക്കുറിച്ചുള്ള പരമ്പരാഗത നിലപാടുകളെ ചോദ്യം ചെയ്യുന്നില്ല. എങ്കിലും സമൂഹം ആ പദവിക്കു നൽകിയിരിക്കുന്ന അമിതകാല്പനിക ഭാവങ്ങളെ 'അരക്കില്ലം' തുടങ്ങിയ നോവലുകളിൽ തമസ്ക്കരിക്കുന്നുണ്ട്. സ്ത്രീവാദത്തെ സാമൂഹ്യവാദത്തിന്റെ ഭാഗമായി കാണുന്നതുകൊണ്ട് സ്ത്രീയുടെ അദ്ധ്വാനം, തൊഴിലിടങ്ങൾ, വേതനവ്യവസ്ഥയിലെ അക്ലിപ്തത എന്നിവയെക്കുറിച്ചെല്ലാം ചിന്തിക്കുകയും 'റോസ്മേരിയുടെ ആകാശങ്ങളി'ലെത്തുമ്പോൾ ഇവയ്ക്കെല്ലാം വ്യക്തമായ നിലപാടുകൾ ഉണ്ടാക്കിയെടുക്കുകയും ചെയ്യുന്നു. മേലുദ്ധരിച്ച നോവലുകളിലെല്ലാം സ്ത്രീയുടെ പ്രവർത്തനങ്ങൾക്കു പ്രചോദനവും പ്രോത്സാഹനവുമായി പുരുഷസാന്നിധ്യമുണ്ട് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

സമൂഹ പരിസരങ്ങളെ പഠിച്ച് ആദിവാസി സമൂഹത്തെ ചിത്രീകരിച്ച എഴുത്തുകാരിയാണ് വത്സല. 'നെല്ല്', 'കൂമൻകൊല്ലി', 'റോസ്മേരിയുടെ ആകാശങ്ങൾ' എന്നീ നോവലുകളിലാണ് ആദിവാസി ജനത വിഷയമാകുന്നത്. ഗോത്രസ്വഭാവങ്ങൾ, ജീവിത പരിസരങ്ങൾ, അവർ നേരിടുന്ന വിവിധ ചൂഷണങ്ങൾ എന്നിവ വിവരിച്ച് ഈ ചൂഷണങ്ങളുടെ കാരണങ്ങളും അനന്തരഫലങ്ങളും മൂന്നു നോവലുകളിലും വിവരിക്കുന്നുണ്ട്. നിയമനിർമ്മാണങ്ങളിലൂടെയും ക്ഷേമപ്രവർത്തനങ്ങളിലൂടെയും ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കാമെന്നു നിർദ്ദേശിക്കുമ്പോഴും ഈ ക്ഷേമപ്രവർത്തനങ്ങളിൽ അനുവർത്തിക്കേണ്ട സമീപനങ്ങൾ എന്തായിരിക്കണമെന്ന് 'കൂമൻകൊല്ലി'യും 'റോസ്മേരിയുടെ ആകാശങ്ങളും' വ്യക്തമാക്കുന്നുണ്ട്. ആദിവാസികളുടെ *സ്വത്വസംരക്ഷണം* വളരെ പ്രധാനമാണ്.

ആദിവാസി സമൂഹത്തെ പരിഷ്ക്കരണത്തിന്റെ പേരിൽ പൊതുധാരാ സമൂഹത്തിലേയ്ക്കു മാറ്റുവാൻ ശ്രമിക്കുമ്പോൾ, ആ മാറ്റങ്ങൾ അവരിൽ ഉണ്ടാക്കുന്ന സാംസ്ക്കാരിക സ്വത്വനഷ്ടങ്ങൾ, അതിലൂടെ അവർ അനുഭവിക്കുന്ന മാനസികവ്യഥകൾ ഇവയെല്ലാം നോവലിസ്റ്റ്

നിരീക്ഷിക്കുകയും ഈ നോവലുകളിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

പരിസ്ഥിതി, സ്ത്രീ, ആദിവാസി സമൂഹം എന്നിവയുടെ ഇന്നത്തെ അധമത്വത്തിനുള്ള പ്രധാന കാരണം അധിനിവേശങ്ങളാണ്. അധിനിവേശങ്ങൾ ആദ്യം ബാധിക്കുന്നതു പരിസ്ഥിതിയെയാണ്. പരിസ്ഥിതി പ്രശ്നങ്ങളിൽ കൂടുതൽ ആകുലരാകുന്നത് സ്ത്രീകളും ആദിവാസികളുമാണ്. ഇങ്ങനെ ഇവ പരസ്പര ബന്ധിതങ്ങളുമാണ്. പരിസ്ഥിതി, സ്ത്രീ, ആദിവാസി പരിഷ്ക്കരണം എന്നിവയിൽ നോവലിസ്റ്റ് സ്വീകരിക്കുന്ന നിലപാടുകൾ പാരിസ്ഥിതിക സ്ത്രീവാദസിദ്ധാന്ത നിലപാടുകളുമായി യോജിച്ചുപോകുന്നു.

## ഈ പഠനത്തിന്റെ കണ്ടെത്തലുകളെ ഇങ്ങനെ ക്രോഡീകരിക്കാം

1) പി. വത്സലയുടെ നോവലുകളിൽ പരിസ്ഥിതി, സ്ത്രീ, ആദിവാസി എന്നീ വിഷയങ്ങളെ പ്രധാന്യത്തോടെ ഉൾക്കൊള്ളിച്ചിരിക്കുന്നു.

2) പരിസ്ഥിതി പരാമർശങ്ങളിൽ പ്രകൃതിയോടുള്ള വിനമ്രഭാവമാണ് വ്യക്തമാകുന്നത്.

3) പ്രകൃതിയിലെ എല്ലാ ഘടകങ്ങളേയും അവയുടെ വൈവിധ്യത്തെ അംഗീകരിച്ചുകൊണ്ടുതന്നെ ആദരിക്കുന്നു.

4) മനുഷ്യന് ഉപയോഗപ്പെടുന്നവ എന്ന പരിഗണനയ്ക്കപ്പുറത്തു നിന്നുകൊണ്ട് ജീവജാലങ്ങളെ വീക്ഷിക്കുന്നു. അതിനാൽ നോവലിസ്റ്റിന്റെ പരിസ്ഥിതി വീക്ഷണം മനുഷ്യകേന്ദ്രിതമല്ല, ജൈവകേന്ദ്രിതമാണ്.

5) ഇന്നത്തെ പരിസ്ഥിതി പ്രതിസന്ധികൾക്കു പരിഹാരമായി പ്രകൃതിയോടു പുലർത്തേണ്ട ആത്മീയഭാവത്തിൽ ഊന്നുന്നു

6) പ്രകൃതിയെ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട മിതത്വത്തെക്കുറിച്ച് ബോധ്യപ്പെടുത്തുന്നു.

7) കൃഷിയിലും ഈ മിതത്വം എങ്ങനെ പ്രാവർത്തികമാക്കണമെന്നു വിശദീകരിക്കുന്നു.

8) പ്രകൃതി, ജലം, മണ്ണ് ഇവയുമായുള്ള ബന്ധങ്ങൾക്കു വൈകാരികതലത്തിലാണ് നിർവ്വചനങ്ങൾ നൽകുന്നത്.

9) പരിസ്ഥിതിയെക്കുറിച്ച് ഈ വൈകാരികത നിലനിർത്തുമ്പോഴും യാഥാർത്ഥ്യചിന്തകൾ കൈവെടിയുന്നില്ല.

10) അതുകൊണ്ടുതന്നെ പരിസ്ഥിതി സംരക്ഷണത്തിനു പശ്ചാദ്ഗമനത്തിന്റേതായ കാല്പനിക നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നില്ല.

11) പരിസ്ഥിതിയെക്കുറിച്ച് ഏറ്റവും കൂടുതൽ വേവലാതിപ്പെടുന്നതു സ്ത്രീകളും, പ്രകൃതിയുമായി ഏറ്റവും അധികം ഇടപഴകുന്ന ആദിവാസികളുമാണ്. പരിസ്ഥിതി നാശം കൂടുതലായി ബാധിക്കുന്നതും ഈ വിഭാഗങ്ങളെയാണ്.

12) ഭാരതീയ പരിസ്ഥിതി ചിന്തകളും ഗഹനപരിസ്ഥിതിവാദവും മുന്നോട്ടുവയ്ക്കുന്ന പരി

സ്ഥിതി ചിന്തകളാണ് ഈ നോവലുകളിലെ പരിസ്ഥിതി ചിന്തകൾക്ക് ദിശാബോധം നൽകുന്നത്.

13) സ്ത്രീവാദിയായി സ്വയം പ്രഖ്യാപിക്കാത്തതുകൊണ്ട് തത്ത്വങ്ങളാൽ ദുർഗ്രഹമാക്കുന്ന കഥാപാത്രങ്ങളോ സന്ദർഭങ്ങളോ ഇല്ല. തത്ത്വത്തിനു വേണ്ടി കൃത്രിമമായി ഇവ സൃഷ്ടിക്കപ്പെടുന്നുമില്ല.

14) വത്സലയുടെ സ്ത്രീകഥാപാത്രങ്ങൾ കരുത്തുറ്റവരും യാഥാർത്ഥ്യബോധമുള്ളവരുമാണ്.

15) സ്ത്രീപദവികൾക്കേൽക്കുന്ന അപമാനങ്ങളിൽ സന്ദർഭത്തിനും കാലഘട്ടത്തിനും അനുയോജ്യമായ രീതിയിൽ സ്വയം നിഷ്ക്രിയമാകുകയോ പ്രതിഷേധിക്കുകയോ ചെയ്യുന്നുണ്ട്.

16) സ്ത്രീവാദത്തെ സാമൂഹ്യപ്രശ്നമെന്ന രീതിയിലാണ് നിർദ്ധാരണം ചെയ്യുന്നത്. ഇത്തരം സാമൂഹ്യ പ്രശ്നങ്ങളെ നോവലിലെ സ്ത്രീകൾ നേരിടുകയും അപഗ്രഥിക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ സ്ത്രീവാദം, സ്ത്രീകളുടെ മാത്രമല്ല മുഴുവൻ സമൂഹത്തിന്റേയും സ്വാതന്ത്ര്യവാദമാകുന്നു.

17) ഭാര്യ, കാമുകി എന്നീ സ്ഥാപനങ്ങളെ, സമൂഹം നിലനിർത്തുന്ന രീതികളോട് കലഹിക്കുമ്പോഴും അമ്മ സങ്കല്പത്തിനുള്ള പരമ്പരാഗത വിശ്വാസങ്ങൾക്ക് നോവലുകളിൽ വലുതായ മാറ്റം വരുത്തുന്നില്ല. പക്ഷേ ഇവിടേയും അമിതകാല്പനിക ഭാവങ്ങളെ തള്ളിക്കളയുന്നുമുണ്ട്.

18) സ്ത്രൈണതയെ നിരാകരിച്ചല്ല ആ അവസ്ഥയെ ആഘോഷിച്ചുകൊണ്ടാണ് സ്ത്രീവാദപക്ഷങ്ങൾ പ്രദർശിപ്പിക്കുന്നത്.

19) സ്ത്രീവാദത്തിൽ സാമ്പത്തിക തൊഴിൽ ഘടകങ്ങൾക്കുള്ള പ്രാധാന്യം വിശദീകരിക്കുന്നു.

20) സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്ന തൊഴിലിടങ്ങളിൽ നിന്നും വിഘടിച്ചുനിൽക്കുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ചിരിക്കുന്നു.

21) സ്ത്രീവാദം പുരുഷവിദ്വേഷമായി മാറുന്നില്ല. സ്ത്രീ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള

പോരാട്ടങ്ങളിൽ മിക്ക നോവലുകളിലും പുരുഷന്മാർ സഹായികളാകുന്നുണ്ട്.

22) ആദിവാസി സമൂഹത്തെ ആ സമൂഹത്തിനോടുള്ള ആഭിമുഖ്യം നിലനിർത്തിക്കൊണ്ട് സത്യസന്ധമായി ആവിഷ്ക്കരിക്കുന്നു.

23) ആദിവാസി സമൂഹത്തിന്റെ തനതായ ആചാരങ്ങൾ, ജീവിതരീതികൾ, വർഗ്ഗസവിശേഷതകൾ, സ്വഭാവ പ്രത്യേകതകൾ എന്നിവ തന്മയത്വത്തോടെയും സത്യസന്ധതയോടെയും ആഖ്യാനം ചെയ്തിരിക്കുന്നു.

23) ആദിവാസികളുടെ വർത്തമാന ദുരിതാവസ്ഥകളുടെ പ്രധാന കാരണങ്ങളായി അധിനിവേശങ്ങൾ, ഗോത്രത്തിലെ ദുരാചാരങ്ങൾ എന്നിവയെ കാണുന്നു.

24) ആദിവാസി പരിഷ്ക്കരണത്തിൽ ആദിവാസികളുടെ സ്വത്വസംരക്ഷണത്തിനുള്ള പ്രാധാന്യത്തിനു ഊന്നൽ നൽകുന്നു.

25) ആദിവാസിയുടെ സംസ്ക്കാരത്തെ തള്ളിക്കളഞ്ഞ് പൊതുധാരാ സംസ്ക്കാരത്തിലേയ്ക്കു ലയിപ്പിക്കുമ്പോൾ അവർ അനുഭവിക്കുന്ന സ്വത്വ പ്രതിസന്ധികളെ തിരിച്ചറിയുകയും അത്തരം പ്രവർത്തനങ്ങളിലെ വ്യർത്ഥത വ്യക്തമാക്കുകയും ചെയ്യുന്നു.

26) ആദിവാസി സംരക്ഷണ ശ്രമങ്ങൾ പരിസ്ഥിതി സംരക്ഷണവും സ്ത്രീസംരക്ഷണവും കൂടിയാകുന്നു.

27) വത്സലയുടെ രചനകൾ, കഥാസന്ദർഭങ്ങൾ പ്രസാദാത്മകവും കഥാപാത്രങ്ങൾ ശുഭാപ്തിവിശ്വാസികളുമാണ്.

28) സമൂഹത്തിലെ പൊതുധാരയിൽനിന്ന് ഒഴിച്ചുനിർത്തിയിരിക്കുന്ന പരിസ്ഥിതി, സ്ത്രീ, ആദിവാസി എന്നിവയെക്കുറിച്ച് ഗൗരവമായി ചിന്തിക്കുന്നതുകൊണ്ടും പരിസ്ഥിതി ചിന്തകളിൽ ജൈവകേന്ദ്രിതത്വത്തിനും സ്ത്രീവാദത്തിൽ മനുഷ്യസമൂഹത്തിന്റെ സ്വാതന്ത്ര്യത്തിനു പ്രധാന്യം നൽകുന്നതുകൊണ്ടും ആദിവാസി വിഷയങ്ങളെ കൈകാര്യം ചെയ്യുമ്പോൾ ആദിവാസി സംസ്ക്കാര സ്ഥാപനത്തിന് പ്രാധാന്യം നൽകുന്നതുകൊണ്ടും പി. വത്സലയെ പരിസ്ഥിതിവാദി, സ്ത്രീവാദി എന്നിവയേക്കാൾ പാരിസ്ഥിതികസ്ത്രീവാദി എന്നു രേഖപ്പെടുത്താം.

## അനുബന്ധം 1

# പി.വത്സലയുമായി നടത്തിയ അഭിമുഖം

? എഴുത്തിന്റെ ഭൂമികകൾ

* എനിക്ക് കഥ കേൾക്കാൻ ഇഷ്ടമാണ്. ധാരാളം കഥ കേട്ട് വളർന്ന ഒരു കുട്ടിക്കാലമാണ് എന്റേത്. ഈ കഥകേട്ട കാലമാണ് എന്നെ കഥ പറച്ചിലുകാരിയാക്കിയത് എന്നു പറയാം.

? കഥ, നോവൽ പക്ഷപാതങ്ങൾ

* ധാരാളം കഥകളും ഇരുപതിലധികം നോവലുകളും എഴുതിയിട്ടുണ്ട്. ഇവയിൽ ഏതാണ് കൂടുതൽ ഇഷ്ടമെന്ന് പറയാൻ വയ്യ. എന്നാലും personal element അധികം വരുന്നത് കഥകളിലാണ്. നോവലുകളിൽ ഇതു തന്നെ വിവരണത്തിന്റെ ഭാഗമായി പലപ്പോഴും വഴിവിട്ട് സഞ്ചരിക്കുന്നു. ചുരുക്കി പറയുന്നതുകൊണ്ട് കഥയിൽ ഇത് നേരിട്ട് പറയുക യാണ്. അങ്ങനെ കഥയോട് ഒരു പ്രത്യേക ഇഷ്ടമുണ്ടെന്ന് പറയേണ്ടിവരുന്നു.

? കഥാപാത്രങ്ങളുടെ തെരഞ്ഞെടുപ്പ്, സ്വാതന്ത്ര്യം.

* എന്റെ കഥാപാത്രങ്ങളെയെല്ലാം ഞാൻ ജീവിതത്തിൽ നിന്ന്, അനുഭവങ്ങളിൽ നിന്ന് കണ്ടെടുത്തവരാണ്. ഇങ്ങനെ അറിഞ്ഞവരുടെ മനസ്സുകളിലേയ്ക്കു നടത്തുന്ന യാത്ര കളാണ് കഥാപാത്രങ്ങളിലേയ്ക്കെത്തിക്കുന്നത്. കഥാപാത്രങ്ങളെ കഥയിലുടനീളം ഞാൻ പിന്തുടരാറില്ല. കാരണം ആദിമധ്യാന്തങ്ങൾ നിശ്ചയിച്ചുറപ്പിച്ച് ഒരു കഥയോ നോവലോ എഴുതാൻ എനിക്കു പറ്റില്ല. എഴുതുമ്പോൾ സ്വാഭാവികമായ പരിണാമങ്ങളുണ്ടാകുന്നു. കഥാപാത്രങ്ങളുടെ രീതിയും അങ്ങനെത്തന്നെ.

? പരിസരങ്ങൾ....

* പരിസരങ്ങളെ കൃത്യമായി രേഖപ്പെടുത്താതെ കഥ പറയാൻ എനിക്ക് പറ്റില്ല. അപൂർവ്വം ചിലപ്പോൾ മാത്രമാണ് കഥാപാത്രങ്ങൾ പരിസരങ്ങളിൽ നിന്നു വിട്ടുനിൽക്കുന്നത്. ഈ

പരിസരം പ്രകൃതി ചിത്രങ്ങളോ, ഭൂമിശാസ്ത്രപശ്ചാത്തലമോ ആകണമെന്നു നിർബന്ധമില്ല. ഉദാഹരണത്തിന് സ്ത്രീയുടെ പരിസരം മിക്കപ്പോഴും അവളിടപെടുന്ന കുടുംബം തന്നെയാണ്. ആ പരിസരം വിട്ട് പോകാൻ ഒരിക്കലും സ്ത്രീയ്ക്ക് കഴിയില്ല.

? ഫെമിനിസം.

* ഫെമിനിസം...., ഫെമിനിസം എന്ന പാശ്ചാത്യ ചിന്താപദ്ധതിയാണ് സ്ത്രീപ്രശ്നങ്ങളെ പ്രശ്നങ്ങളായി തിരിച്ചറിയാൻ പഠിപ്പിച്ചത്. പക്ഷെ നമ്മുടേതിൽ നിന്നു തീരെ വ്യത്യസ്തമായ സംസ്ക്കാര സാഹചര്യങ്ങളിൽ നിന്നുള്ള ഇത്തരം സിദ്ധാന്താങ്ങളെക്കൊണ്ട് ഇവിടെയുള്ള പ്രശ്നങ്ങളെ നിർദ്ധാരണം ചെയ്യുവാനാകില്ല. എന്നെ സംബന്ധിച്ചിടത്തോളം സ്ത്രീ ആരാണെന്നുള്ള അന്വേഷണം, സ്ത്രീയ്ക്കു സ്വതന്ത്രമായ നിലനിൽപ് സാധ്യമാണോ എന്നുള്ള ചോദ്യം, ഇവയ്ക്കുള്ള ഉത്തരങ്ങളാണ് ഫെമിനിസം. സ്ത്രീയ്ക്കു സ്വതന്ത്രമായ നിലനിൽപ് സാധ്യമാണ് എന്നു തന്നെയാണ് എന്റെ വിശ്വാസം. പുരുഷനെ എതിരാളിയായി നിർത്തിയിട്ടല്ല ഈ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തേണ്ടതും.

? വിവാഹ സമ്പ്രദായങ്ങളെക്കുറിച്ച്....

* ഇന്നത്തെ വ്യവസ്ഥാപിത വിവാഹ സമ്പ്രദായങ്ങളാണ് യഥാർത്ഥത്തിൽ സ്ത്രീയ്ക്കു അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നത്. പൊന്നിന്റേയും പണത്തിന്റേയും തൂക്കമനുസരിച്ച് സ്ത്രീയുടെ വില നിശ്ചയിക്കുന്ന വിവാഹക്കമ്പോളത്തിൽ നിന്ന് ഉയർന്ന പഠിപ്പും ഉദ്യോഗവുമുള്ള പെൺകുട്ടികൾക്ക് വരെ മോചനമില്ല. ഈ സമ്പ്രദായങ്ങളെ പെൺകുട്ടികൾ ശക്തിയായി തന്നെ എതിർക്കണം. സഹജീവനം മതിയെന്ന് ഉറപ്പാക്കണം. അല്ലെങ്കിലും നമ്മുടെ വിവാഹസമ്പ്രദായങ്ങളുടെ രീതി ശ്രദ്ധിച്ചിട്ടുണ്ടോ, അന്നുവരെ ജീവിച്ചുവളർന്ന പരിസരങ്ങളിൽ നിന്നു പെൺകുട്ടിയെ വിവാഹത്തിലൂടെ അകറ്റുന്നു. ഒരു ചെടി വലുതായി പൂവിടാറാകുമ്പോൾ പറിച്ചെടുത്ത് മറ്റൊരിടത്ത് നട്ടാൽ എങ്ങനെ അതിന് വേരു പിടിക്കും? ഇത് തീർത്തും പ്രകൃതിവിരുദ്ധമല്ലേ? ഇതു തന്നെയല്ലേ നമ്മുടെ വിവാഹരീതികളിലും നടക്കുന്നത്.

? ഭാര്യാപദവി.

* ഭർത്താവ് ആരായിരിക്കണം എന്നതിനെക്കുറിച്ച് ചിന്തിക്കാനും തീരുമാനിക്കാനുമുള്ള

സ്വാതന്ത്ര്യം സ്ത്രീയ്ക്കുണ്ട്. ദാമ്പത്യം സ്ത്രീയുടെ സ്വപ്നങ്ങളുടെ ചിന്തകളുടെ പൂർണ്ണ വിരാമമല്ല. അങ്ങനെ ആകരുത്. സ്ത്രീയ്ക്കു അവളുടേതായ അസ്തിത്വമുണ്ട്. അതില്ലാതെ വരുന്ന സാഹചര്യങ്ങളെ ധീരമായി നേരിടുക തന്നെ വേണം. എന്തായാലും ഏതവസ്ഥയിലും കുഞ്ഞുങ്ങൾ വളരേണ്ടത് അമ്മയോടൊപ്പം തന്നെയാണ്. കുട്ടികളെ പോറ്റിക്കൊണ്ട് തന്നെ സ്വതന്ത്രവും ധീരവുമായി നിൽക്കാൻ സ്ത്രീയ്ക്കു കഴിയും. ഇങ്ങനെ ചില പ്രത്യേക സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന Single parent അവസ്ഥകളെ ന്യൂനതയായി കണ്ട് സ്ത്രീയ്ക്കെതിരെ തിരിയുന്ന സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ നിശ്ചയമായും മാറ്റേണ്ടതാണ്.

? കുടുംബം എന്ന സങ്കല്പം...

* കുടുംബം വളരെ പ്രധാനമാണ്. സ്ത്രീയുടെ പ്രഥമവും പ്രധാനവുമായ പരിസരം കുടുംബം തന്നെയാണ്. വീട്ടമ്മ... വീട്ടിലെ എല്ലാ ഘടകങ്ങളേയും ഉൾക്കൊള്ളുന്നവളാണ്. ഈ ഉത്തരവാദിത്വങ്ങൾ സ്ത്രീയുടെ സ്വാതന്ത്ര്യത്തിനും പ്രവർത്തനങ്ങൾക്കും വിഘാതമാകില്ല എന്നു തന്നെയാണ് എന്റെ അനുഭവം. ഞാൻ ഒട്ടനവധി സ്ത്രീകളെ പരിചയപ്പെട്ടിട്ടുണ്ട്. ഇതിൽ എനിക്ക് ആദരവ് തോന്നിയിട്ടുള്ള സ്ത്രീകൾ, ഏതു തിരക്കിലും കുടുംബത്തിനുവേണ്ടി നിലനിൽക്കുന്നവരാണ്.

? മാതൃസങ്കല്പം..

* അമ്മ പ്രകൃതി തന്നെയാണ്. പ്രകൃതി അമ്മയും. മക്കൾ അറിയപ്പെടേണ്ടത് അമ്മയിലൂടെയാണ്. ഇന്നു ഒരു കുട്ടിയെ സമൂഹം അറിയുന്നത് അച്ഛന്റെ മകൻ, മകൾ എന്ന രീതിയിലാണ്. ഇതല്ല ശരിയായ രീതി. അമ്മവഴി ദായക്രമം, യഥാർത്ഥത്തിൽ ഇതിനെല്ലാമാണ് സാധുത. അമ്മയെ ഒഴിവാക്കി ഒന്നും സാധ്യമല്ല. കാലത്തിന്റെ മാറ്റം, ശാസ്ത്രപുരോഗതി ഇതൊന്നും അമ്മ സങ്കല്പത്തെ ബാധിക്കുന്നില്ല. ഗർഭപാത്രമില്ലാതെ എന്ത് ക്ലോണിംഗ്?

? സ്ത്രീപുരുഷ ബന്ധം

* പ്രകൃതിയുടെ പൂർത്തീകരണമാണ് സ്ത്രീ. പുരുഷൻ അവളുടെ പങ്കാളിയും ഭൂമിയിലെ സസ്യലതാദികൾക്കു മേഘങ്ങളോടുള്ള ചാർച്ചപോലെയാണ് സ്ത്രീ പുരുഷബന്ധം.

? സ്ത്രീകഥാപാത്രങ്ങളെക്കുറിച്ച്....?

* എന്റെ സ്ത്രീകഥാപാത്രങ്ങളെല്ലാം ജീവിതത്തിൽ നിന്നു ഊർജ്ജം നേടിയവരാണ്. ഇവരുടെ സൃഷ്ടിയിൽ എനിക്ക് പ്രചോദനമായിട്ടുള്ളത് നമ്മുടെ ദ്രാവിഡ പാരമ്പര്യമാണ്.

? വിധേയരായും മൗനം ദീക്ഷിച്ചും പ്രതികരിച്ചും വളരുന്ന നോവലുകളിലെ സ്ത്രീകഥാപാത്ര സ്വഭാവങ്ങളെക്കുറിച്ച്...

* എന്റെ വ്യക്തിത്വത്തിന്റെ വികാസങ്ങളായി, പരിണാമങ്ങളായി സ്ത്രീ കഥാപാത്രങ്ങൾക്കു വരുന്ന മാറ്റത്തെ കാണാം. ആദ്യനോവലുകൾ, ഞാൻ കണ്ട, അറിഞ്ഞ ചില കഥാപാത്രങ്ങളുടെ വസ്തുതകളുടെ ചിത്രീകരണം മാത്രമാണ്. പിന്നീട് ഓരോ അവസ്ഥകളേയും എങ്ങനെയാണ് നിർദ്ധാരണം ചെയ്യേണ്ടത് എന്ന് ഞാൻ ചിന്തിച്ചു. എന്റെ ചിന്ത കഥാപാത്രങ്ങളിലേയ്ക്കും സംക്രമിപ്പിച്ചു. സ്ത്രീസമത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചുമുള്ള എന്റെ സങ്കല്പങ്ങളുടെ വളർച്ചയും പക്വതയും തന്നെയാണ് കഥാപാത്രങ്ങൾക്കും വന്നിട്ടുള്ളത്.

? കാലം കഥാപാത്രങ്ങളെ സ്വാധീനിക്കാറില്ലേ...

* തീർച്ചയായും. എഴുതിയ കാലഘട്ടങ്ങൾക്കു കഥയിലും കഥാപാത്രത്തിലുമെല്ലാം സ്വാധീനമുണ്ട്. ഓരോ കാലത്തേയും ട്രെൻഡിനനുസരിച്ച് എഴുതുന്നു എന്നല്ല ഇതിന്നർത്ഥം. കാലത്തിന്റെ പരിണാമം കഥാപാത്രങ്ങളിലുണ്ടാകും. കാലത്തിന്റെ ഈ സ്വാധീനമുള്ളതുകൊണ്ടാണ് കഥാപാത്രങ്ങൾക്കു വിശ്വാസ്യതയുണ്ടാകുന്നത്, കഥ റിയലിസ്റ്റിക്കാകുന്നത്.

? പെണ്ണെഴുത്ത് എന്ന രചനാപദ്ധതിയെപ്പറ്റി?

* ഇങ്ങനെയുള്ള തരംതിരിവുകളോട് എനിക്ക് അഭിപ്രായമില്ല. സ്ത്രീയ്ക്കു എഴുതാൻ പ്രത്യേക ഭാഷ വേണമെന്ന് ഇതുവരെ തോന്നിയിട്ടില്ല. ഇനി തോന്നുകയുമില്ല. ഇനി സ്വാഭാവികമായി എന്റെ രചനാഭാഷയിൽ സ്ത്രൈണത ഉണ്ടെന്ന് പറയുകയാണെങ്കിൽ ഞാൻ നിഷേധിക്കുകയുമില്ല. എന്തായാലും സ്ത്രീയായതുകൊണ്ട് പ്രത്യേക വിഷയം, ഭാഷ എന്നിങ്ങനെയുള്ള നിർബന്ധങ്ങൾ തോന്നിയിട്ടില്ല.

? സ്ത്രീയ്ക്കല്ലേ സ്ത്രീയെ മനസ്സിലാവുക...

* സ്ത്രീയെ എന്നല്ല, ജീവിതം തന്നെ കൂടുതൽ മനസ്സിലാകുക സ്ത്രീയ്ക്കാണ്. സ്ത്രീയായതുകൊണ്ട് രചനയിൽ പ്രത്യേക പ്രതിസന്ധികളില്ല. പുരുഷകഥാപാത്രങ്ങളുടെ ആവിഷ്കാരത്തിലോ, പൂർണ്ണതയിലോ ബുദ്ധിമുട്ടുകൾ തോന്നിയിട്ടില്ല. 'ഗൗതമ'ൻ എന്ന നോവലിൽ ഗൗതമനേയുള്ളൂവെന്ന് പറയാം.

? ഇനി പ്രകൃതിയെക്കുറിച്ച്....

* പ്രകൃതി എന്നോടൊപ്പം, എന്റെ കഥകളോടൊപ്പം എപ്പോഴുമുണ്ട്. പ്രകൃതിവർണ്ണനയിലൊന്നും താൽപര്യമില്ല. പ്രകൃതിയിൽ നിന്ന് വേറിട്ട് മനുഷ്യന് നിലനിൽപ്പില്ല. ഇവിടെയുള്ള സകലതിനും പ്രകൃതിയിൽ ഒരുപോലെ അവകാശമുണ്ട്. ഒരു ഉറുമ്പിനുപോലും... പ്രകൃതിയെ അതിന്റെ തനതായ അവസ്ഥയിൽ കാണാനാണ് ഇഷ്ടം. കാടിനെ കാടായി.....

? തിരിച്ചുപോക്കാണോ ഉദ്ദേശിക്കുന്നത്?

* കാട്ടിലേക്കു തിരിച്ചുപോകുക എന്നതു പ്രാവർത്തികമല്ലല്ലോ? പക്ഷെ പ്രകൃതിയെക്കുറിച്ച് കാടിനെക്കുറിച്ച് ഇങ്ങനെ ചില സെന്റിമെന്റ്സ് മനസ്സിലുണ്ടെങ്കിൽ ഈ പച്ചപ്പ് കുറച്ചുകാലം കൂടി നിലനിൽക്കും.

? ഇന്നത്തെ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച്...

* Materialistic ചിന്തകൾ മനുഷ്യനെ ഭരിക്കാൻ തുടങ്ങിയതോടെയാണ് പരിസ്ഥിതി നാശങ്ങൾ തുടങ്ങുന്നത്. മനുഷ്യന്റെ ആവശ്യങ്ങൾക്കും ആഗ്രഹങ്ങൾക്കും മിതത്വം നഷ്ടപ്പെട്ടപ്പോൾ പ്രകൃതിയുടെ തുലനം നഷ്ടമായി. ഇതിനൊരു മാറ്റം വരണമെങ്കിൽ മനുഷ്യൻ അവന്റെ ഇന്നത്തെ കൺസ്യൂമർ സ്വഭാവം കുറയ്ക്കുക തന്നെ വേണം.

? പ്രകൃതിപാഠം എന്താണെന്നാണ് തോന്നിയിരിക്കുന്നത്?

* പ്രകൃതി സദാ വൈവിധ്യത്തെയാണ് ഓർമ്മിപ്പിക്കുന്നത്. പ്രകൃതിയിലെ ഒരിലയ്ക്കുപോലും മറ്റൊരിലയോട് സമാനതയില്ല. അപ്പോൾ പിന്നെ നമ്മൾ മനുഷ്യർ അതിരുകളും വലയങ്ങളും നിർണയിച്ച് ഓരോ കൂട്ടങ്ങളിലേയ്ക്ക് ഒതുങ്ങുന്നത് തെറ്റല്ലേ....

? സ്വാതന്ത്ര്യസങ്കൽപം ഇതാണോ?

* തീർച്ചയായും. പ്രകൃതിയിലെ ഓരോ ഘടകത്തിനും സ്വതന്ത്രവും വ്യതിരിക്തവുമായ നിലനിൽപ്പുണ്ട്. ഒന്നും മറ്റൊന്നിനെപ്പോലെയല്ല. പ്രകൃതിയിലെ ഒരു ഘടകമെന്ന നിലയിൽ മനുഷ്യനും നിലനിൽക്കേണ്ടത് അങ്ങനെത്തന്നെയല്ലേ? സമൂഹം സൗകര്യപൂർവ്വം സൃഷ്ടിക്കുന്ന വർഗങ്ങളിലും കൂട്ടങ്ങളിലും ഉൾപ്പെടുന്നതിന് ഉപരിയായി ഓരോ മനുഷ്യനും തനതായ അസ്തിത്വമുണ്ട്.

? കൃഷി നോവലുകളിൽ സമൃദ്ധമാണല്ലോ, കൃഷിയെക്കുറിച്ച്...

* കൃഷി വേണം. നിർബന്ധമായും വേണം. സത്യത്തിൽ പരിസ്ഥിതിയുടെ തുലനം നഷ്ടപ്പെടാൻ ആരംഭിച്ചത് മനുഷ്യൻ കൃഷി ചെയ്യാൻ ആരംഭിച്ചതോടെയാണ്. പക്ഷേ മനുഷ്യന്റെ നിലനിൽപിന് ഇപ്രകാരം പ്രകൃതിയുടെ കുറച്ചു ഭാഗങ്ങളെ സംസ്ക്കരിച്ചെടുത്ത് കൃഷി ചെയ്തേ പറ്റൂ. എന്നാലും കാടുവെട്ടിത്തെളിച്ചുള്ള കുടിയേറ്റങ്ങൾക്കും കുടിയേറ്റ കൃഷി പദ്ധതികൾക്കും ഞാൻ എതിരുതന്നെയാണ്.

? വനനശീകരണത്തെക്കുറിച്ച് കൂടുതലായി...

* പറഞ്ഞും എഴുതിയും കുറേ അറിഞ്ഞതാണ്. എന്നിട്ടും ഇതിനൊന്നും ഒരു മാറ്റവുമില്ല. ജീവിതത്തിന്റെ എല്ലാ താളങ്ങളേയും തെറ്റിക്കുന്നതാണ് വനനശീകരണം. ഏറ്റവും ഒടുവിലായി പറുയന്നത് കാട് ഒരുപാട് രോഗാണുങ്ങളുടെ അധിവാസകേന്ദ്രമാണ്. കാടിനെ ഇളക്കി മറിക്കുമ്പോൾ ഇവയെല്ലാം നാട്ടിലേയ്ക്കു സംക്രമിക്കുന്നു. ഇങ്ങനെ കാടിന്റെ താളം തെറ്റിക്കുമ്പോൾ എങ്ങനെയൊക്കെ വരുന്നു.....

? സ്വന്തം പരിസ്ഥിതി ദർശനത്തെ എങ്ങനെ വിശദീകരിക്കാം.

* തീർത്തും ഭാരതീയമായ ഒരു കാഴ്ചപ്പാടാണ് എനിക്ക് പരിസ്ഥിതിയെക്കുറിച്ചുള്ളത്. പ്രകൃതിയെക്കുറിച്ച് ഞാനെന്റെ കൃതികളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്ക് വേദങ്ങൾ മുതലുള്ള പരിസ്ഥിതി വീക്ഷണങ്ങളോടാണ് കടപ്പാടുള്ളത്. വേദങ്ങൾ ഞാൻ പഠിച്ചിട്ടില്ല. അങ്ങനെ പഠിച്ചു വളർത്തിയെടുത്ത കാഴ്ചപ്പാടല്ല. എന്നിട്ടും എന്റെ കൃതികളിൽ അവ വരുന്നുണ്ടെങ്കിൽ അതെല്ലാം എന്റെ രക്തത്തിലലിഞ്ഞു ചേർന്നിട്ടുണ്ടെന്നല്ലേ കരുതേണ്ടത്? പ്രകൃതി ദർശനം, പ്രകൃതിയോടുള്ള സ്നേഹം, ജന്മസിദ്ധമാണ്, സംസ്ക്കാരസിദ്ധമാണ്.

? സംസ്ക്കാരം എന്ന പദം എങ്ങനെ വിശദീകരിക്കും

* ഞാൻ ഒരു മതഗ്രന്ഥവും പഠിച്ചിട്ടില്ല.അതുകൊണ്ട് മതമാണ് സംസ്ക്കാരത്തെ നിർണ്ണയിക്കുന്നതെന്ന് അഭിപ്രായമില്ല. ഒരിടം മനുഷ്യനു നൽകുന്നവേരുകളാണ് അവന്റെ സംസ്ക്കാരത്തെ നിർണ്ണയിക്കുന്നത്. കുടിയേറ്റക്കാർ കെട്ടിപ്പടുക്കുന്ന നഗരങ്ങൾക്ക് പരിഷ്ക്കാരങ്ങളിൽ എത്ര ഉയർന്നതാണെങ്കിലും സംസ്ക്കാരം അവകാശപ്പെടാനാകാത്തതിന്റെ കാരണവും മറ്റൊന്നല്ല. ഇവരുടെ അനന്തര തലമുറയ്ക്ക് സ്വന്തം സംസ്ക്കാരത്തെ ചരിത്രഗ്രന്ഥങ്ങളിൽ തെരയേണ്ടിവരുന്നു. സംസ്ക്കാരത്തെ അറിയേണ്ടത് ഗ്രന്ഥങ്ങളിലൂടെയല്ല. തലമുറകളിലൂടെയാണ്, ജീവിതത്തിലൂടെയാണ്.

? ആദിവാസി സംസ്ക്കാരത്തെക്കുറിച്ച്

* ആദിവാസി മഹത്തായ ഒരു ഗോത്രസംസ്ക്കാരത്തിന്റെ ഉടമയാണ്. ഇന്നു പൊതുധാരാ സംസ്ക്കാരത്തിന്റെ നിയമാവലികളെ മുൻനിർത്തിയാണ് ആദിവാസി സംസ്ക്കാരത്തേയും വിലയിരുത്തുന്നത്. അവിടെയാണ് പ്രശ്നങ്ങളും. ആദിവാസികളുടെ ജീവിതപരിസരങ്ങളും പാഠങ്ങളും എല്ലാം വ്യത്യസ്തമാണ്. ഉദാഹരണത്തിനു വിവാഹ സമ്പ്രദായം തന്നെയെടുക്കാം. പട്ടുസാരിയുടുത്തും താലികെട്ടിയും പൂചൂടിയും ആഘോഷിക്കുന്ന ഒന്നല്ല അവർക്കു വിവാഹം. പങ്കാളികളുടെ തെരഞ്ഞെടുപ്പിൽ ബന്ധങ്ങൾ നിലനിർത്തുന്നതിൽ, എല്ലാം സ്ത്രീപുരുഷന്മാർക്ക് ഒരുപോലെ സ്വാതന്ത്ര്യമുണ്ട്. അങ്ങനെ വരുമ്പോൾ ഗോത്രത്തിൽ അച്ഛനില്ലാതെവളരുന്ന കുട്ടികളുമുണ്ട്. എന്നാൽ ഇത്തരം കാര്യങ്ങൾ അവരിൽ സ്വത്വപ്രതിസന്ധി ഉണ്ടാക്കുന്നില്ല. ഗോത്രത്തിനകത്ത് ഇതുകൊണ്ട് വിലകേടുമില്ല, കുട്ടികൾ അമ്മയുടെയാണ്, അമ്മ വഴി ആ ഗോത്രത്തിന്റേതുമാണ്. ചുരുക്കത്തിൽ പൊതുധാരാ ജീവിതത്തിന്റെ morality അല്ല വനവാസികളുടേത്. ജീവിതത്തെക്കുറിച്ച് നിയമങ്ങളുണ്ടാക്കുന്നത് തന്നെ main Stream കളാണ്. പക്ഷേ, ഇവയാണ് യഥാർത്ഥ നിയമങ്ങളെന്നും, അലിഖിത നിയമങ്ങളെന്നും എങ്ങനെ പറയും? ഇങ്ങനെ main stream നിയമങ്ങൾ വച്ച് ആദിവാസികളെ വിലയിരുത്തി അവരെ സംസ്ക്കാരശൂന്യരാക്കുന്നു. സ്ത്രീകളെ തരം താഴ്ത്തി കാണുന്നു. ചൂഷണം ചെയ്യുന്നു.

? ആദിവാസി ജീവിതങ്ങൾക്ക് പരിഷ്ക്കാരങ്ങൾ വേണ്ടേ...

* ഇന്നത്തെ അവസ്ഥകളിൽ നിന്ന് ആദിവാസിക്കു വേണം.പക്ഷേ പൊതുധാരാ സംസ്ക്കാരത്തിന്റെ ചീത്തത്തങ്ങൾ ആദിവാസികളിൽ അടിച്ചേൽപ്പിച്ചുകൊണ്ട് അവരെ രക്ഷപ്പെടുത്താൻ ശ്രമിക്കുന്നത് ആപത്താണ്. എല്ലാ നീരുറവകളും വറ്റിക്കഴിഞ്ഞ് പരിസ്ഥിതിയെക്കുറിച്ച് പറയുന്നതിലെന്താണർത്ഥം? അതുപോലെ ആദിവാസിയുടെ സർവ്വഗോത്ര സവിശേഷതകളും നഷ്ടപ്പെടുത്തി ആദിവാസി സംസ്ക്കാരത്തെക്കുറിച്ച് ചർച്ച നടത്തുന്നത് വിഫലമാണ്.

? ആദിവാസിയുടെ വേരുകളെക്കുറിച്ച് മറക്കരുതെന്നല്ലേ....

* കാടുതന്നെയാണ് ആദിവാസിയുടെ സ്വത്ത്. തിരിച്ചു കാടിനെക്കുറിച്ചും ആദിവാസിക്കേ അറിയൂ. സസ്യശാസ്ത്രത്തിൽ ബിരുദമെടുത്തു വനപാലകരാകാൻ വരുന്നവർക്ക് പല ബുദ്ധിമുട്ടുകളുണ്ട്. വനം അവർക്ക് വായിച്ചറിവും കേട്ടറിവുമാണ്. കാടിനെ അറിയുന്നവൻ, അറിയേണ്ടവൻ, കാക്കേണ്ടവൻ ആദിവാസി തന്നെയാണ്.

? വീട് എന്ന സങ്കല്പം എങ്ങനെയാണ്?

* പ്രകൃതിയോട് ഇണങ്ങി നിൽക്കുന്നവീട്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളാണ് ഭക്ഷണം വസ്ത്രം പാർപ്പിടം. ഇതെല്ലാം വേണം. പക്ഷേ ഇതൊന്നിലും ആർഭാടം വേണ്ട എന്ന പക്ഷക്കാരിയാണ് ഞാൻ. സിമന്റിട്ടും, ഉള്ള മരങ്ങൾ വെട്ടിക്കളഞ്ഞും ചെടികളെ ചട്ടിയിൽ വളർത്തിയും പണിയുന്ന വീടുകൾ എന്റെ സങ്കല്പത്തിലുള്ളതല്ല.

? വിപ്ലവങ്ങൾ ഇതിവൃത്തമാക്കിയ കഥാകാരിയെന്നനിലയിൽ വിപ്ലവങ്ങളെക്കുറിച്ച്...

* രക്തച്ചൊരിച്ചിലുകൾ ഉണ്ടാക്കുന്ന വിപ്ലവങ്ങൾ ഒവിവാക്കേണ്ടതു തന്നെയാണ്. അക്രമത്തിന്റെ മാർഗങ്ങളെ ഒരിക്കലും അനുകൂലിക്കുവാനാകില്ല. എന്നാൽ വിപ്ലവം നടത്തുന്ന ചില കഥാപാത്രങ്ങളെ ന്യായീകരിച്ചിട്ടുണ്ട്. 'ആഗ്നേയ'ത്തിലെ പൗലോസ്, അപ്പു തുടങ്ങിയ കഥാപാത്രങ്ങൾ. അതിനു കാരണവുമുണ്ട്. സൂഹത്തിലെ നീതികേടുകളുടെ പാരമ്യത്തിൽ ഒരു ആഘാതചികിത്സയുടെ ഫലമാണ് ഇത്തരം വിപ്ലവങ്ങൾ നടത്തുന്നത്. മാർഗ്ഗത്തെ അനുകൂലിച്ചില്ലെങ്കിലും ഇത്തരം പ്രവർത്തനങ്ങൾക്കു പിന്നിലുള്ള യുവാക്ക

ളുടെ മനസ്സിന്റെ ധാർമ്മികത, അത് തീർത്തും കാൽപനികമാണ്, അംഗീകരിച്ചേ പറ്റൂ. പക്ഷേ രക്തദൂഷിത വിപ്ലവങ്ങൾ എന്നും പരാജയപ്പെട്ടിട്ടേയുള്ളൂ. അതങ്ങനെതന്നെയാണ് വേണ്ടതും. എന്റെ നോവലുകളിലും ആ രീതി തന്നെയാണ്.

? വർഗ്ഗീയതയെക്കുറിച്ച്..

* എന്റെ മനസ്സിൽ തീരെ ഇല്ലാത്ത ഒന്നായതുകൊണ്ടാകാം അത്തരമൊരു വിഷയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കാറില്ല. ഇത് മനസിലുള്ളവരാണ് അനുകൂലിച്ചും, പ്രതികൂലിച്ചു കൂടുതൽ സംസാരിക്കുന്നത്. പിന്നെ എഴുതുവാനുള്ള വിഷയം ചുറ്റുപാടുകളിൽ നിന്നു സ്വീകരിക്കുന്നതുകൊണ്ട് ഈ വിഷയവും വരാറുണ്ടെന്നു മാത്രം.

? മിക്ക നോവലുകളുടെ അവസാനവും കഥാപാത്രങ്ങളുടെ പിൻ മടക്കങ്ങളാണല്ലോ.

* സ്വന്തം വേരുകളിലേയ്ക്ക് മനുഷ്യന് തിരിച്ചെത്തിയേ തീരൂ. അതു കാടാണെങ്കിൽ കാട്, നാടാണെങ്കിൽ നാട്.

? കഥാപാത്രങ്ങളുടെ വിജയപരാജയങ്ങൾ....

* വിജയം വ്യക്തിപരമാണ്. മറ്റൊരു പരാജിതനെ സൃഷ്ടിക്കുന്ന വിജയത്തിൽ വലിയ പ്രസക്തി തോന്നിയിട്ടില്ല. പണം, പദവി, സുരക്ഷിതത്വം എന്നീ അവസ്ഥകളുടെ ലഭ്യതയുമായി തുലനപ്പെടുത്തി വിജയപരാജയങ്ങളെ നിർണ്ണയിക്കുന്ന രീതികളോടും യോജിപ്പില്ല. കഥാന്ത്യത്തിൽ ഇത്തരം അവസ്ഥകളിൽ എത്തിച്ചേരാത്തതുകൊണ്ട് എന്റെ ഒരു കഥാപാത്രത്തെ പരാജിതനോ പരാജിതയോ ആയി ഞാൻ കാണുന്നില്ല. അവസ്ഥകളെ ഏറ്റെടുക്കുന്ന മനസ്സിലാണ് വിജയപരാജയങ്ങളെ ഞാൻ കാണുന്നത്.

? ഭാഷ

* വളരെ ലളിതമായ ഒരു ഭാഷയിൽ എഴുതാൻ എനിക്കു പറ്റിയിട്ടില്ല. രചനയ്ക്കു രചനയുടേതായ ഒരു ഭാഷ - സംസാര ഭാഷയിൽ നിന്നു വ്യത്യസ്തമായ ഒന്നു - വേണമെന്ന് തന്നെയാണ് എനിക്ക് തോന്നിയിട്ടുള്ളത്. പിന്നെ കഥ, നോവൽ, വിഷയം കഥാപാത്രങ്ങൾ ഇതിനെല്ലാമനുസരിച്ച് ഭാഷ അൽപാൽപം വ്യത്യാസപ്പെടുകയും ചെയ്യും. അതങ്ങനെ സ്വാഭാവികമായി വരിക തന്നെ ചെയ്യും. എഴുത്തിന് ഒരു സത്യസന്ധതയുണ്ട് സത്യമെഴുതാൻ ആർജ്ജവം വേണം. ആ രീതിയിൽ കരുത്തുള്ള ഒരു ഭാഷയാണ്

വേണ്ടത്, അതാണ് ഉള്ളത് എന്ന് എനിക്കു തോന്നുന്നു. വിഷയമാണ് ഭാഷയെ നിർണ്ണയിക്കുന്നത്.

? നിരൂപണങ്ങളെക്കുറിച്ച്, അംഗീകരണങ്ങളെക്കുറിച്ച്

* എഴുത്താണ് പ്രധാനം. അതിനുണ്ടാകുന്ന അഭിപ്രായങ്ങൾ, അംഗീകാരങ്ങൾ ഇതിലൊക്കെ തന്നെ ഒരു പരിധിവരെ ഉദാസീനയാണ്. ജാഗരൂകമായ ഒരു ഉൾമനസ്സ്- ആ മനസ്സിനനുസരിച്ച് എഴുതുന്നു. എഴുത്തിന്റെ വ്യാപാര സാധ്യതകളെക്കുറിച്ച് ശ്രദ്ധിക്കാറില്ല. ശ്രദ്ധേയമായ രചനകൾ പ്രായേണ ശ്രദ്ധിക്കപ്പെടാതിരുന്നിട്ടുണ്ട്. പക്ഷെ അതൊന്നും എന്റെ എഴുത്തിനെ ബാധിക്കുന്നില്ല.

? സമൂഹത്തോട് സംവദിക്കാനുള്ളത്?

* എന്റെ രചനകൾ തന്നെയാണ് അതിന്റെ സാക്ഷ്യങ്ങൾ. ഞാൻ, എന്റെ അഭിപ്രായങ്ങൾ, വിലയിരുത്തലുകൾ എല്ലാം എന്റെ രചനകളിലുണ്ട്.

# അനുബന്ധം രണ്ട്

## പ്രഥമ ആകര ഗ്രന്ഥങ്ങൾ


രാജലക്ഷ്മി

***ഒരു വഴിയും കുറെ നിഴലുകളും***, കറന്റ്, കോട്ടയം, 1959.

രാജലക്ഷ്മി

***ഞാനെന്ന ഭാവം***, കറന്റ്, തൃശ്ശൂർ, 1994.

രാമകൃഷ്ണൻ, മലയാറ്റൂർ

***പൊന്നി***, സാ. പ്ര. സ. സം, കോട്ടയം, 1967.

വത്സല പി.

***അരക്കില്ലം***, സാ. പ്ര. സ. സം, കോട്ടയം, 1977.

വത്സല പി.

***ആഗ്നേയം***, കാലിക്കറ്റ് യൂണിവേഴ്സിറ്റി പ്രസിദ്ധീകരണം, മലപ്പുറം, 1999.

വത്സല പി.

***ആരും മരിക്കുന്നില്ല***, കറന്റ്, തൃശ്ശൂർ, 1998.

വത്സല പി.

***കൂമൻകൊല്ലി***, ഡിസി, കോട്ടയം, 2000.

വത്സല പി.

***ഗൗതമൻ***, മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്, 1986.

വത്സല പി.

***ചാവേർ***, സാ. പ്ര. സ. സം, കോട്ടയം, 1991.

വത്സല പി.

***തകർച്ച***, എൻ.ബി.എസ്., കോട്ടയം, 1973.

വത്സല പി.

*നമ്പരുകൾ*, ഡിസി, കോട്ടയം, 2004.

വത്സല പി.

*നിഴലുറങ്ങുന്ന വഴികൾ*, എൻ.ബി.എസ്, കോട്ടയം, 1975.

വത്സല പി.

*നെല്ല്*, ഡിസി, കോട്ടയം, 2004.

വത്സല പി.

*റോസ്മേരിയുടെ ആകാശങ്ങൾ*, ഡിസി, കോട്ടയം, 2004.

സരസ്വതി അമ്മ കെ.

*പ്രേമഭാജനം*, ശ്രീരാമവിലാസം, തിരുവനന്തപുരം, 1944.

# അനുബന്ധം മൂന്ന്

## ദ്വിതീയ ആകരഗ്രന്ഥങ്ങൾ

### മലയാളം


അഗസ്റ്റിൻ ജോസഫ് കെ.

*ആധുനികത മലയാള നോവലിൽ*, കേ. ഭാ. ഇ, തിരുവനന്തപുരം, 1977.

അച്യുതൻ എം.

*ചെറുകഥ ഇന്നലെ ഇന്ന്*, സാ. പ്ര. സ. സം, കോട്ടയം, 1981.

*അഥർവ്വവേദം.* (വിവ., വ്യാ.): വി.ബാലകൃഷ്ണൻ, ആർ.ലീലാദേവി,

വിദ്യാർത്ഥിമിത്രം, കോട്ടയം, 1986.

അനിൽകുമാർ ടി.കെ.

*മലയാള സാഹിത്യത്തിലെ കീഴാള പരിപ്രേക്ഷ്യം*, കേ, സാ. അ., തൃശൂർ, 2004.

അപ്പൻ കെ.പി.

*മാറുന്ന മലയാള നോവൽ*, ഗൗതമ പബ്ലിഷേഴ്സ്, ആലപ്പുഴ, 1998.

അപ്പുക്കുട്ടൻ പി.

*അക്ഷഹൃദയം*, എൻ.ബി.എസ്., കോട്ടയം, 1991.

അർജ്ജുനൻ, വെള്ളായണി, (എഡി.):

*പെണ്ണെഴുത്ത്*, കേ.ഭാ.ഇ., തിരുവനന്തപുരം, 2000.

ആനന്ദ്

*ജൈവമനുഷ്യൻ*, ഡി.സി., കോട്ടയം, 1991.

ഇബ്രാഹിം വെങ്ങര

*സംഘം ചേരുക*, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1986.

എംഗൽസ്, ഫ്രെഡറിക്

*കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം (സംഗ്രഹം),*

സംഗ്രഹം: പി.എൻ.ദാമോദരൻപിള്ള, ദേശാഭിമാനി, തിരുവനന്തപുരം, 1977.

ഏക്കർ, ഗിസെലാ, (എഡി.):

*ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം*, (പരി.) ജാനകി മുതൽപ്പേർ, ബുക്ക്‌വേം, തൃശൂർ 1994.

ഒരു സംഘം ലേഖകർ.

*സ്ത്രീ*, സാ. പ്ര.സ സം, കോട്ടയം, 1975.

ഒരു സംഘം ലേഖകർ

*രാജലക്ഷ്മി എന്ന എഴുത്തുകാരി,* സി.ഐ.സി.സി. പബ്ലിഷിംഗ്, എറണാകുളം, 1966.

കറുപ്പൻ കെ.പി. (സമ്പാ)
***ചെറുമർപാട്ട്***, സാമുദായിക ഗാനകലകൾ, പേൾ പ്രസ്സ്, കൊച്ചി, 1934.

കുമാരൻ വയലേരി (ഡോ.)
***കുറിച്യരുടെ ജീവിതവും സംസ്ക്കാരവും,*** കറന്റ്, കോട്ടയം, 1997.

കൃഷ്ണൻ നമ്പൂതിരി കെ.എൻ.
***വേദാന്തരംഗം,*** കറന്റ്, തൃശ്ശൂർ, 1999.

കൃഷ്ണപ്പിള്ള എൻ.
***കൈരളിയുടെ കഥ,*** സാ. പ്ര.സ.സം, കോട്ടയം 1975.

കൃഷ്ണവാരിയർ എൻ.വി.
***അന്വേഷണങ്ങൾ കണ്ടെത്തലുകൾ,*** ഡിസി, കോട്ടയം, 1986.

ഗീത
***കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്,*** കറന്റ്, തൃശ്ശൂർ, 1997.

ഗീത
***ദേവദൂതികൾ മാഞ്ഞുപോവത്,*** സാ. പ്ര.സ.സം., കോട്ടയം, 1999.

ഗീത
***സ്ത്രീവിമോചനമെന്നാൽ മനുഷ്യവിമോചനം,*** ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2000.

ഗോപാലകൃഷ്ണൻ പി.കെ.
***ജൈനമതം കേരളത്തിൽ,*** പ്രഭാത്, തിരുവനന്തപുരം, 1996.

ചന്ദ്രിക സി.എസ്.
***കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം,*** കേ. സാ. അ., തൃശ്ശൂർ, 1998.

ചുമ്മാർ, ചൂണ്ടൽ.
***കറുത്ത കലകൾ,*** കേരള ഫോക്ക്ലോർ അക്കാദമി, തൃശ്ശൂർ, 1991.

ജാൻസി ജെയിംസ്, (എഡി.):
***ഫെമിനിസം വോള്യം 1, 2,*** കേ. ഭാ. ഇ, തിരുവനന്തപുരം, 2000.

ജോൺ ടി.സി.
***നെല്ല,*** പുരോഗമന കലാസാഹിത്യസംഘം, പത്തനംതിട്ട, 1985.

ജോൺ ടി.സി.
***ഉറാട്ടി,*** ദേശാഭിമാനി ബുക്ക് ഹൗസ്, തിരുവനന്തപുരം, 1977.

ജോണി ഒ.കെ.
***വയനാട് രേഖകൾ,*** പോപ്പിയോൺ, കോഴിക്കോട്, 1998.

ജോണി ഒ.കെ.
***വയനാടിന്റെ സാംസ്ക്കാരിക ഭൂമിക,*** മോഡേൺ ബുക്സ്, സുൽത്താൻ ബത്തേരി, 1988.

ജോർജ്ജ് കെ. അലക്സ്.

*ഹരിതരാഷ്ട്രീയം-ചരിത്രം സിദ്ധാന്തം പ്രയോഗം,* ഡി.സി., കോട്ടയം, 2003.

ജോർജ്ജ്, സഖറിയ, (എഡി):

*ജീവനുണ്ടാകുവാനും,* സി.എൽ.എസ്. തിരുവല്ല, 1992.

ജോസഫ് പി.ടി.

*പരിസ്ഥിതി പാഠപുസ്തകം,* കറന്റ്, കോട്ടയം, 1992.

ജോസ്, മുട്ടം

*കുമ്പളത്തൊടി,* കറന്റ്, കോട്ടയം, 2003.

തരകൻ കെ.എം.

*ആധുനിക നോവൽ ദർശനം,* സാ. പ്ര. സ.സം., കോട്ടയം, 1983.

തരകൻ കെ.എം.

*മലയാള നോവൽ സാഹിത്യചരിത്രം,* കേ. സാ.അ., തൃശ്ശൂർ, 1978.

ത്രൈലോക്യാനന്ദസ്വാമി (വിവ.):

*വിവേകാനന്ദ സാഹിത്യ സർവ്വസ്വം,* ശ്രീരാമകൃഷ്ണാശ്രമം, പുറനാട്ടുകര, 1963.

ദാമോദരൻ കെ.

*ഇന്ത്യയുടെ ആത്മാവ്,* പ്രഭാത്, തിരുവനന്തപുരം, 2001.

ദാമോദരൻ പി. നെട്ടൂർ

*ആദിവാസികളുടെ കേരളം,* എൻ.ബി.എസ്., കോട്ടയം, 1974.

ദിലീപ് കുമാർ കെ.വി.

*സാമൂഹിക ശാസ്ത്ര ദർശനം,* കേ. ഭാ. ഇ, തിരുവനന്തപുരം, 2000.

ദേവിക ജെ.

*സ്ത്രീവാദം,* ഡി.സി., കോട്ടയം, 2000.

***ധർമ്മപദം*** (വിവ.): നാരായണനമ്പി തേലപ്പുറത്ത്,

തേലപ്പുറം ജ്ഞാനഭവൻ, കോഴിക്കോട്, 1979.

നാരായൻ

*ഊരാളിക്കുടി,* സാ. പ്ര.സ.സം, കോട്ടയം, 1999.

നാരായൻ

*കൊച്ചേരത്തി,* ഡി.സി., കോട്ടയം, 2000.

നാരായൻ

*നിസ്സഹായന്റെ നിലവിളി,* പ്രണത ബുക്സ്, കച്ചേരിപ്പടി, 2003.

പത്മിനി പി.ജി.

*കാട്ടുജീവിതത്തിന്റെ സ്പന്ദനതാളങ്ങൾ,* അകംസമിതി, തലശ്ശേരി, 2001.

***പരിശുദ്ധ ഖുറാൻ*** (വ്യാ.): സി.എൻ.അഹമദ്മൗലവി, സാ. പ്ര. സ. സം, കോട്ടയം, 1987.

പാനൂർ കെ.

*കേരളത്തിലെ ആഫ്രിക്ക,* സാ. പ്ര. സ.സം, കോട്ടയം, 1963.

പാനൂർ കെ.

*കേരളത്തിലെ അമേരിക്ക,* എൻ.ബി.എസ്., കോട്ടയം, 1989.

പാനൂർ കെ

*മലകൾ, താഴ്‌വരകൾ, മനുഷ്യർ,* സാ.പ്ര.സ.സം, കോട്ടയം, 1971.

പാനൂർ കെ.

*സഹ്യന്റെ മക്കൾ,* കേ.സാ.അ., തൃശ്ശൂർ, 1990.

പിയേഴ്സൺ എൻ.എം.

*ഇക്കോഫെമിനിസം, ഇക്കോ ടൂറിസം മാർക്സിസം,* കറന്റ്, തൃശ്ശൂർ, 2003.

പൊതുവാൾ പി.പി.കെ.

*പരിസ്ഥിതിക്കവിതയ്ക്ക് ഒരാമുഖം,* ഡി.സി. കോട്ടയം, 1995.

പ്രകാശ് പി.കെ.

*അന്യാധീനപ്പെടുന്ന ഭൂമി,* പാപ്പിയോൺ, കോഴിക്കോട്, 2002.

പ്രശാന്ത്കുമാർ എൻ

*സ്ത്രീരചനാദർശനം ഒരു അവലോകനം,* എൻ.ബി.എസ്., കോട്ടയം, 1998.

പ്രസാദ് എം.കെ. (എഡി):

*ആദിവാസി സമരത്തിന്റെ അർത്ഥാന്തരങ്ങൾ,* കേ. ശാ. സാ. പ, 2003.

ബാലകൃഷ്ണൻ, കൽപ്പറ്റ (ഡോ.)

*മലയാള സാഹിത്യ ചരിത്രം,* കേ.ഭാ.ഇ, തിരുവനന്തപുരം, 2000.

ബാലകൃഷ്ണക്കുറുപ്പ് കെ.

*ആർഷഭൂമിയിലെ ഭോഗസിദ്ധി,* മാതൃഭൂമി, കോഴിക്കോട്, 1996.

*ബൃഹദാരണ്യ കോപനിഷത്ത്* (വ്യാ): വി.ബാലകൃഷ്ണൻ, ആർ.ലീലാദേവി,
വിദ്യാർത്ഥിമിത്രം, കോട്ടയം, 1980.

*ഭഗവദ്ഗീത* (പരി): നാലപ്പാട്ട് ബാലാമണി അമ്മ, ഭക്തിവേദാന്ത, തിരുവനന്തപുരം.

ബേബി കെ.ജെ.

*ഗുഢ,* ഡി.സി. ബുക്സ്, കോട്ടയം, 2004.

ബേബി കെ.ജെ.

*നാടുഗദ്ദിക,* പ്രസക്തി ലൈബ്രറി, കോട്ടയം, 1983.

ബേബി കെ.ജെ.

*മാവേലി മന്റം,* കറന്റ്, തൃശൂർ, 2000.

*ബൈബിൾ* (വിവ.): (പ്രസി.): കെ.സി.ബി.സി, പി.ഒ.സി, 1981.

മധുസൂദനൻ ജി.

*കഥയും പരിസ്ഥിതിയും,* കറന്റ്, തൃശൂർ, 2000.

മധുസൂദനൻ ജി. (എഡി):

*ഹരിതനിരൂപണം മലയാളത്തിൽ,* കറന്റ്, തൃശൂർ, 2002.

***മനുസ്മൃതി*** (വിവ.): ലീലാദേവി ആർ, ബാലകൃഷ്ണൻ വി, വിദ്യാർത്ഥിമിത്രം, കോട്ടയം, 1998.

മാധവൻ എൻ.എസ്.

*ഹിഗ്വിറ്റ,* ഡി.സി., കോട്ടയം, 1994.

മുരളി, കവിയൂർ

*ദളിത് സാഹിത്യം,* ഡി.സി., കോട്ടയം, 2001.

മുരളീധരൻ, നെല്ലിക്കൽ

*വിശ്വസാഹിത്യ ദർശനങ്ങൾ,* ഡി.സി., കോട്ടയം, 1997.

മുസനോബ ഫുക്കുവോക്ക

*ഒറ്റവൈക്കോൽ വിപ്ലവം* (വിവ.): സി.പി.ഗംഗാധരൻ, ആൾട്ടർമീഡിയ, തൃശ്ശൂർ, 1999.

മുസനോബ ഫുക്കുവോക്ക

*പ്രകൃതിയിലേക്കു മടങ്ങാൻ,* (വിവ): കെ.എം.ആർ. മോഹൻ, ഡി.സി., കോട്ടയം,1999.

മേനോൻ, ആഷാ.

*തനുമാനസി,* ഡി.സി., കോട്ടയം, 1990.

മേനോൻ, ആഷാ.

*പയസ്വിനി,* ഡി.സി., കോട്ടയം, 1999.

മേനോൻ, ആഷാ.

*പരാഗകോശങ്ങൾ,* ഡി.സി., കോട്ടയം, 1997.

മേനോൻ, ആഷാ

*പ്രതിരോധങ്ങൾ,* എൻ.ബി.എസ്., കോട്ടയം, 1987.

മേനോൻ, രതി

*രാജലക്ഷ്മി,* സാഹിത്യ അക്കാദമി, ന്യൂഡൽഹി, 2002.

***യജുർവ്വേദം*** (വ്യാ): വി.ബാലകൃഷ്ണൻ, ആർ.ലീലാദേവി, വിദ്യാർത്ഥിമിത്രം, കോട്ടയം, 1995.

രാജഗോപാലൻ സി.ആർ. (ഡോ.)

*ഗോത്രകലാവടിവുകൾ,* നാട്ടറിവ് പഠനകേന്ദ്രം, തൃശ്ശൂർ, 2001.

രാജശേഖരൻ പി.കെ. (ഡോ.)

*അന്ധനായ ദൈവം- മലയാളനോവലിന്റെ നൂറ് വർഷങ്ങൾ,* ഡി.സി.,
കോട്ടയം, 1999.

രാമകൃഷ്ണൻ എം.കെ., വേണുഗോപാലൻ കെ.എം.

*സ്ത്രീവിമോചനം : ചരിത്രം സിദ്ധാന്തം,* നയനബുക്സ്, പയ്യന്നൂർ, 1989.

ലീലാകുമാരി എം

*സ്ത്രീസങ്കൽപ്പം മലയാള നോവലിൽ,* ഡി.സി., കോട്ടയം, 2000.

ലീലാവതി എം. (ഡോ.)

***ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം,*** കേ.ഭാ.ഇ., തിരുവനന്തപുരം, 1993.

ലീലാവതി എം (ഡോ.)

***കാവ്യാരതി,*** എൻ.ബി.എസ്., കോട്ടയം, 1993.

ലീലാവതി എം (ഡോ.)

***നവതരംഗം,*** പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 1976.

ലീലാവതി എം (ഡോ.)

***ഫെമിനിസം ചരിത്രപരമായ ഒരന്വേഷണം,*** പ്രഭാത്, തിരുവനന്തപുരം, 2000.

ലോഗൻ വില്യം

***ലോഗന്റെ മലബാർ മാന്വൽ,*** (വിവ): ടി.വി.കൃഷ്ണൻ, മാതൃഭൂമി, കോഴിക്കോട്, 1997.

വത്സല പി.

***കനൽ,*** സാ.പ്ര.സ.സം., കോട്ടയം, 1979.

വത്സല പി.

***പാളയം,*** സാ.പ്ര.സ.സം, കോട്ടയം, 1981.

വത്സല പി.

***വത്സലയുടെ കഥകൾ,*** സാ.പ്ര.സസം, കോട്ടയം, 1998.

വത്സല പി.

***വേനൽ,*** സാ.പ്ര.സ.സം, കോട്ടയം, 1979.

വത്സല പി.

***വിലാപം,*** ഡി.സി. കോട്ടയം, 1997.

വിജയൻ എം.എൻ. (ജനറൽ എഡി.):

***നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം,*** വോള്യം 2, കേ.സാ.അ., തൃശ്ശൂർ, 2000.

വിജയൻ എം.എൻ. (ജനറൽ എഡി):

***നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം***, വോള്യം 3, കേ.സാ.അ., തൃശ്ശൂർ 2002.

വിഷ്ണു നമ്പൂതിരി എം.വി. (എഡി.):

***ജീവതവും സംസ്ക്കാരവും,*** വോള്യം 1, കേരള ഫോക്ക്ലോർ അക്കാദമി, കണ്ണൂർ, 2003.

വേദബന്ധു

***ഋഗ്വേദ പ്രവേശിക,*** കേ.സാ. അ., തൃശ്ശൂർ, 1998.

വേലായുധൻ പിള്ള പി.വി. (എഡി):

***നവോത്ഥാന സംസ്ക്കാരം കേരളത്തിൽ,*** അന്താരാഷ്ട്ര കേരള പഠനകേന്ദ്രം പ്രസിദ്ധീകരണം, 1998.

ശ്രീകണ്ഠൻ നായർ എസ്.

***കാണി,*** പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട് 1995.

ശ്രീജൻ വി.സി.

***യാ ദേവി സർവ്വഭൂതേഷു,*** മൾബറി, കോഴിക്കോട്, 1992.

ശ്രീധരൻ വി.കെ. (എഡി.):

***കൃഷിയുടെ നാട്ടറിവുകൾ,*** ഡിസി, കോട്ടയം, 2004

***ശ്രീമദ്ഭാഗവതം*** (വ്യാ): വൈശ്രവണത്ത് രാമൻ നമ്പൂതിരി, ശ്രീഗുരുവായൂരപ്പൻ സങ്കീർത്തന ട്രസ്റ്റ്, ഗുരുവായൂർ, 1983.

സച്ചിദാനന്ദൻ

***അന്വേഷണങ്ങൾ,*** ബോധി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1991.

സച്ചിദാനന്ദൻ

***വീണ്ടുവിചാരങ്ങൾ,*** മോഡേൺ ബുക്സ്, സുൽത്താൻ ബത്തേരി, 1992.

സച്ചിദാനന്ദൻ

***സംവാദങ്ങൾ,*** മോഡേൺ ബുക്സ്, സുൽത്താൻ ബത്തേരി, 1986.

സച്ചിദാനന്ദൻ (എഡി):

***സ്ത്രീപഠനങ്ങൾ,*** ബോധി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1990.

സരസ്വതി അമ്മ കെ

***കെ.സരസ്വതി അമ്മയുടെ സമ്പൂർണ്ണ കൃതികൾ,*** ഡിസി, കോട്ടയം, 2001.

സാറാ ജോസഫ്

***നിലാവ് അറിയുന്നു,*** കറന്റ്, തൃശ്ശൂർ, 1994.

സാറാ ജോസഫ്

***പാപത്തറ,*** കറന്റ്, തൃശൂർ, 1990.

സുകുമാരൻ ടി. പി.

***പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിനു ഒരു മുഖവുര,*** ബോധി പബ്ലിക്കേഷൻസ്, കോഴിക്കോട്, 1992.

**ഇംഗ്ലീഷ്**

Beauvoir, Simone De

***The second sex,*** Parshley, HM Tr, Vintage, London, 1997.

Charvet, John

***Feminism,*** J.M. Dent and sons Ltd, London, 1982.

Chris Cuomo J

***Feminism and Ecological Communities- An Ethic of Flourishing,*** Rout Ledge, New York, 1998.

Deenabandhu, M. and others

***Ecology and Spirituality,*** India Peace Centre Publicaitons, Nagpur, 1996.

Diamond Irene and Gloria Feman Orentain (Eds):

***Re weaving the world: The Emergence of Ecofeminism,*** Sanfrancisco, 1990.

Engel R & J (Eds):

***Ethics of Environmental Developments,*** TUCSON, University of Arizona Press, 1990.

Griffin, Susan

***Woman and nature: The Roaring Inside Her,*** Harper and Row, Newyork, 1978.

Mathur, P.R.G.

***Tribal situation in Kerala,*** Kerala Historical Society, Trivandrum, 1977.

Nair, Gopalan C

***Wynad, Its people and tradition,*** Higgin botham & Co, Madras, 1911.

Natesan G.A.

***Speeches and Writings of Mahatma Gandhi,*** Madras, 1935.

Plant Judith (Ed.):

***Healing the Wounds The Promise of Ecofeminism,*** New Society Publishers, Philadelphia, 1989.

Prime Ranchor

***Hiduism and Ecology, Seeds of truth,***
Motilal Bansarsidass Publishers Pvt Ltd, Delhi, 1994.

Reuth Rosemary Radford.

***Gaia to God,*** C.A.Harper Press, SanFrancisco, 1992.

Rosaldo M.Z. and Lamphere. L (Eds.):

***Woman Culture and Society,*** Stanford University Press, Stanford, 1974.

Roszak Theodar

***The Voice of Earth: An Exploration of Ecopsychology,*** Phanes Press, 2002.

Salleh Ariel Kay

***Ecofeminism as Politics Nature Marx and the Post modern,*** Zed Book Ltd, London, 1997

Shiva, Vandana

***Staying Alive,*** Kali women, New Delhi, 1989.

Showalter, Eline

***A Literature of their own,*** Princeton University Press, Virago, London, 1977.

Spivak Chakravorty Gayatri

*In other worlds,* New York, 1987.

Swami Gambhirananda (Tran):

*Eight Upanisads, Vol I,* Advaita Ashrama, Calcutta, 2000.

Swami Vivekananda

*The Teachings of Vivekananda,* Advaita Ashrama, Calcutta, 2000.

Warren Karen J (Ed.):

*Ecofeminism: Woman Culture Nature,* Indiana University Press, Bloomington, 1997.

# അനുബന്ധം നാല്

**ആനുകാലികങ്ങൾ**
**മലയാളം**


അച്യുതൻ എം.

**'ഹരിതസാഹിത്യദർശനം'**, സമകാലിക മലയാളം, 27 നവംബർ 1998,

പു: 2, ല. 24, പു. 24, 25, 26.

കർത്താ കെ.എസ്.പി.

**'വയനാടിന്റെ കഥാകാരി'**, സാഹിത്യലോകം, ജൂലൈ 1984.

കുഞ്ഞിക്കണ്ണൻ കെ.വി.

**'പരിസ്ഥിതി തെരഞ്ഞെടുപ്പിലെ പ്രശ്നമാകണം'** സമകാലിക മലയാളം,

27 ഫെബ്രുവരി, 1998. പു: 1. ല. 42, പു. 40, 41. 42.

ഗീതക്കുട്ടി പി.എസ്.

**'അസുരവിത്തുകളും ജന്മാന്തര ശാപങ്ങളും'**, സമകാലിക മലയാളം,

7 ആഗസ്റ്റ്, 1998. പു: 2. ല. 13, പു. 12.

ഗീതാനന്ദൻ എം

**'ഗോത്ര സ്വയംഭരണ രൂപങ്ങൾ മാതൃകയാക്കണം,'**

പ്രതിസംസ്ക്കൃതി ത്രൈമാസിക, മാർച്ച്-ജൂൺ, 2004.

ജയചന്ദ്രൻ ടി. എൻ.

**'മലയാളത്തിലെ വനിതാ നോവലിസ്റ്റുകൾ'**,

ഭാഷാപോഷിണി, നവംബർ 1997. പു: 21. ല. 6, പു. 45.

ജാനു സി.കെ.

**'കൈവിട്ട മണ്ണു വിളിച്ചപ്പോൾ'**, ഭാഷാപോഷിണി, ഡിസംബർ, 2001, പു: 25, ല. 7. പു. 10-18

ജോണി എം. എൽ.

**'സ്ത്രീശക്തിയെ വിഗണിക്കാനാകില്ല'**, (അഭിമുഖം: വൃന്ദ കാരാട്ട്),

സമകാലിക മലയാളം, 7 ആഗസ്റ്റ്, 1998, പു: 2, ല. 13, പു. 16, 17, 18.

നാരായണൻ എം.ജി.എസ്.

**'മാറുന്ന മനുഷ്യബന്ധങ്ങളെപ്പറ്റി'**, സമകാലിക മലയാളം,

2 ജനുവരി 1998, പു: 1. ല. 34, പു. 8-12.

പ്രദീപ് പി.

**'പരിസ്ഥിതിയും കമ്മ്യൂണിസവും'** കലാകൗമുദി, 12 ആഗസ്റ്റ്, 1990.

പ്രദീപൻ പാമ്പിരിക്കുന്ന്

**'കലയും ആദിവാസികളും'** മാധ്യമം, 23 ആഗസ്റ്റ്, 2002, ല. 235, പു. 31.

മേനോൻ ആർ.വി.ജി.
**'പരിസ്ഥിതിയും വികസനവും മൂന്നാം ലോക കാഴ്ചപ്പാടിൽ'**
സമകാലിക മലയാളം, 23 ജനുവരി, 1998, പു: 1. ല. 37, പു. 43, 44, 45.
രാഘവവാരിയർ
**'അമ്മവഴിക്കേരളം'**, സമകാലികമലയാളം, 19 ഫെബ്രുവരി, 1999.
രാജേന്ദ്രപ്രസാദ്
'**ആദിവാസികളും ഭൂമിയും കാർഷികവൃത്തിയും**' മാധ്യമം, 9 നവംബർ, 2001,
പു: 4. ല. 194, പു. 23.
രാജേന്ദ്ര പ്രസാദ്
**'ആദിവാസികളും സാക്ഷരതയും'** മാധ്യമം, 14 ഡിസംബർ 2001. പു: 14. ല. 199, പു. 36.
വിജയൻ എം.എൻ.
'**കാടും മനുഷ്യരും**', സമകാലിക മലയാളം, 7 മാർച്ച് 2003.
സച്ചിദാനന്ദൻ
'**ഓർമ്മയിൽ കാടുള്ള മൃഗം**' മാതൃഭൂമി ആഴ്ചപ്പതിപ്പ്, 18 ഏപ്രിൽ, 2004, പു: 82. ല. 7, പു. 20-25.
സുജിത് കുമാർ സി.കെ.
**'ആദിവാസികളും പുനംകൃഷിയും'** കേരളീയതയുടെ നാട്ടറിവ്, കാട്ടറിവ്, ജൂലൈ-സെപ്തംബർ, 1995, ല. 1, പു. 8-13.
സുധാകരൻ കെ.വി.
**'അന്യവൽക്കരിക്കപ്പെടുന്ന ആദിവാസികൾ'** ദേശാഭിമാനി വാരിക, 26 ഒക്ടോബർ, 2003, പു: 35. ല. 21.
സുനിൽ കുമാർ കെ.
'**പ്രതിഷേധത്തിന്റെ അടയാളങ്ങൾ**', മാധ്യമം, 14 ഡിസം. 2001, പു: 14. ല. 199, പു. 17.
സോമശേഖരൻ നായർ ജി.
**'നെൽവയലുകളും കൃഷിവിദഗ്ധരും'**, സമകാലിക മലയാളം, 14 ആഗസ്റ്റ്, പു. 2, ല. 14. പു. 36.
കേരളീയതയുടെ നാട്ടറിവ്, V, **നാട്ടറിവിലെ പെണ്ണ്,** പു: 2, ല. 5.
ഗ്രന്ഥാലോകം, **തിരുനെല്ലിയുടെ ഇതിഹാസകാരി** - വത്സല പതിപ്പ്, ഡിസംബർ, 1998, വാള്യം 50, ല. 12.
സമീക്ഷാ പാഠാവലി, V, സമീക്ഷ, കാലടി.
സാഹിത്യലോകം പരിസ്ഥിതിപതിപ്പ്
സെപ്റ്റംബർ 1995, പു: 20, ല. 5.
സാഹിത്യലോകം സ്ത്രീവാദപതിപ്പ്, ജനുവരി - ഫെബ്രുവരി, 1996, പു: 21, ല. 1.

## ഇംഗ്ലീഷ്


Cheney, Jim

**Ecofeminism and Deep Ecology,** Envinronmental Ethics, 14.4 H, Winter 1990, P. No: 351 - 364.

Fox War Wick

**The Deep Ecology - Ecofeminism Debate and Its Paralles,** Environmental Ethics, 9, Summer, 1987, P. No: 159 - 179.

Howell Nancy R.

**Ecofeminism: What one needs to know,** Journal of Religion and Science, Vol: 32, No: 2, June 1977.

Naess Arne

**The Deep Ecological Movement: Some Philosophical Aspects,** Philosophical Enquiry 8, 1986, P. No: 10-31.

Naess Arne

**The Shallow and the Deep, Long Range Ecology Movement: A summary,** Inquiry 66 No: 1, 1973, P. No: 95-100.

Reuth Rosemary Radford

**Ecofeminism Spirituality and Justice: First and Third Wold Women,** Penaltimate draft, 1997.

Salleh Ariel Kay.

**Deeper than Deep Ecology: The Ecofeminist Connection,** Environmental Ethics, 6, No: 4, Winter 1984, P. No: 339 - 345.

Salleh Ariel Kay

**The Ecofeminism / Deep Ecology Debate,** Environmental Ethics, 14, No: 3, Fall 1993, P. No: 195 - 216.

Warren J. Karen

**Feminism and Ecology: Making connections,** Environmental Ethics, 9 No: 1, Spring 1987, p. No: 3-20.